MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 ഒക്ടോബർ 13

അഖിലേന്ത്യ അന്തർ സർവകലാശാല പഞ്ചഗുസ്തി മത്സരം 2026-27

അഖിലേന്ത്യ അന്തർ സർവകലാശാല പഞ്ചഗുസ്തി മത്സരങ്ങൾ 2026 നവംബർ 16 മുതൽ ഇരുപതാം 20 ആം തീയതി വരെ ഉത്തർപ്രദേശ് മീററ്റിൽ ഉള്ള സ്വാമി വിവേകാനന്ദ സഭർത്തി യൂണിവേഴ്സിറ്റിയിൽ വച്ച് നടക്കുന്നതാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും 16 അംഗ പുരുഷ ടീമും 15 അംഗ വനിതാ ടീമും മത്സരത്തിൽ പങ്കെടുക്കുന്നു. പുരുഷ വിഭാഗം മാനേജരായി സെന്റ് ആൽബർട്ട്സ് കോളേജിലെ ആന്റി ടി ജെ വനിതാ വിഭാഗം മാനേജരായി തിരുവല്ല മാർത്തോമാ കോളേജിലെ സ്വാതി കെ കെ യും പുരുഷ വിഭാഗം ടീം ക്യാപ്റ്റനായി മുവാറ്റുപുഴ നിർമല കോളേജിലെ ബിബിൻ എം ബിജു വനിതാ വിഭാഗം ക്യാപ്റ്റനായി കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ മറിയ റോസ് ജോയി യെയും ഹെഡ് കോച്ചായി ജോജി എളൂർ, കോച്ചായി നോബി കെ എഫ് എന്നിവരെയും തിരഞ്ഞെടുത്തതായി എം ജി യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോക്ടർ ബിനു ജോർജ് അറിയിച്ചു.

പി.ആർ.ഒ/1021/2026

മഹാത്മാഗാന്ധി സർവകലാശാലയിൽ 'സ്റ്റേറ്റ് ഓഫ് ദ മാപ്പ് കേരള 2026' സമ്മേളനം

കേരളത്തിൽ ഓപ്പൺ സ്ട്രീറ്റ് മാപ്പ് സാങ്കേതിക വിദ്യയുടെ സാധ്യതകൾ ചർച്ച ചെയ്യാൻ 'സ്റ്റേറ്റ് ഓഫ് ദ മാപ്പ് കേരള 2026' സമ്മേളനം നവംബർ 14, 15 തീയതികളിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടക്കും. ഓപ്പൺസ്ട്രീറ്റ്മാപ്പ് കേരള കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന സമ്മേളനത്തിൽ ദുരന്തനിവാരണം, നഗരാസൂത്രണം തുടങ്ങിയ മേഖലകളിലെ മാപ്പിംഗ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യും. ഓപ്പൺ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകളെ അക്കാദമിക ഗവേഷണത്തോടും സാമൂഹിക വികസന പ്രവർത്തനങ്ങളോടും ബന്ധിപ്പിക്കുകയും കേരളത്തിലെ ഓപ്പൺ മാപ്പിംഗ് പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയും ചെയ്യുക എന്നതാണ്

സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. സമ്മേളനത്തിന്റെ വിശദാംശങ്ങൾക്കും പരിപാടികൾക്കും: https://kerala.stateofthenemap.in/ സന്ദർശിക്കുക
പി.ആർ.ഒ/1022/2026

സൗജന്യ തൊഴിൽ മേള

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 28ന് സൗജന്യ തൊഴിൽ മേള നടത്തും.
വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 370-ഓളം ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടത്തുന്ന മേളയിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, എംബിഎ കൂടാതെ മറ്റ് ഉയർന്ന യോഗ്യതയുള്ളവർക്കും പങ്കെടുക്കാം.
താത്പര്യമുള്ളവർ നവംബർ 27ന് മുൻപ് https://shorturl.at/Ncvcg എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച
വിശദവിവരങ്ങൾ www.facebook.com/MCCKTM എന്ന ഫേസ്ബുക്ക് പേജിൽ.
ഫോൺ-0481-2731025, 9495628626, 6282317660.
പി.ആർ.ഒ/1023/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംആർക്ക് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ഡിസംബർ 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 2 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിപിഇഎസ് (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016-2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 8 മുതൽ നടക്കും. നവംബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 24 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 25 വരെയും അപേക്ഷ സ്വീകരിക്കും.
പി.ആർ.ഒ/1024/2026

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംഎസ്.സി,എംകോം (പിജിസിഎസ്എസ്) (2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 25 മുതൽ നടക്കും.

നവംബർ 17 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ്ഡബ്ലു, എംഎജെഎംസി, എംറ്റിറ്റിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്)നവംബർ 2026 പരീക്ഷകൾ നവംബർ 25 മുതൽ നടക്കും.

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് (2014-2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്.സി സൈബർ ഫോറൻസിക്ക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 7 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/1025/2026

പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/1026/2026

പബ്ലിക് റിലേഷൻസ് ഓഫീസർ